ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.04.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1 . രാജ്യത്ത് ഒന്നാംഘട്ട ലോക്സഭാ തെരെഞ്ഞെടുപ്പിൻറെ പരസ്യ പ്രചാരണം മറ്റന്നാൾ അവസാനിക്കും.പോളിംഗ് സ്റ്റേഷനുകളിൽ വോട്ടർമാർക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ

The campaign for the first phase of Lok Sabha elections in the country will end day after tomorrow. The Election Commission will ensure necessary facilities to the voters at the polling stations.

2 . പ്രധാന മന്ത്രി നരേന്ദ്രമോദി കേരളപര്യടനത്തിൽ. ഇത്തവണത്തെ ലോക് സഭാ തിരഞ്ഞെടുപ്പ് രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്നതാകുമെന്ന് ആലത്തൂരിലെ പൊതുയോഗത്തിൽ പ്രധാനമന്ത്രി.

Prime Minister Narendra Modi on Kerala tour. This year's Lok Sabha elections will determine the future of the country says Prime Minister in a public meeting at Alathur.

3. മണ്ഡല പര്യടനത്തിനായി രാഹുൽ ഗാന്ധി വയനാട്ടിൽ; പരസ്പര ബഹുമാനമാണ് രാഷ്ട്രീയത്തിന്റെ അടിസ്ഥാനമെന്ന് റാലിയിൽ രാഹുൽ ഗാന്ധി , മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തൃശൂരിൽ പ്രചാരണത്തിനിറങ്ങും.

Rahul Gandhi visits Wayanad : Mutual respect is the stepping stone of politics,says Rahul Gandhi in road show at Wayanad, Chief Minister Pinarayi Vijay will be campaigning in Thrissur today.

4 . ഇറാൻ പിടിച്ചെടുത്ത ഇസ്രയേലി ചരക്കു കപ്പലിലകപ്പെട്ട 17 ഇന്ത്യക്കാരുള്ള മോചനം സംബന്ധിച്ച് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ ഇറാൻ വിദേശകാര്യമന്ത്രിയുമായി ആശയവിനിമയം നടത്തി .

External Affairs Minister Dr S Jaishankar spoke to his Iranian counterpart over the release of 17 Indian crew members.

5. അഫ്ഗാനിസ്ഥാനിൽ മൂന്ന് ദിവസമായി തുടരുന്ന കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും 33 മരണം,20 ഓളം പ്രവിശ്യകൾ വെള്ളത്തിൽ.

In Afghanistan, at least 33 people have been killed over three days of heavy rain and flash flooding in the country,20 of the nation's provinces were lashed by heavy rain.

6. ഐ പി എൽ ക്രിക്കറ്റിൽ ഇന്നത്തെ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു സൺറേസേഴ്സ് ഹൈദരാബാദിനേ നേരിടും.

In today's IPL cricket match , Royal Challengers Bangalore will face Sunrisers Hyderabad.

****************************************************************

## FIRST PHASE ELECTION

ലോക്സഭാ തെരെഞ്ഞെടുപ്പിൻ്റെ ഒന്നാം ഘട്ട വോട്ടെടുപ്പിന്റെ പരസ്യ പ്രചാരണം മറ്റന്നാൾ വൈകിട്ട് അവസാനിക്കാനിരിക്കെ, പ്രചാരണം ഉച്ചസ്ഥായിയിൽ. രാജ്യത്ത് ഇരുപത്തിയൊന്ന് സംസ്ഥാനങ്ങളിലായുള്ള 102 ലോക് സഭാ മണ്ഡലങ്ങൾ ആദ്യ ഘട്ട വോട്ടെടുപ്പിന് സജ്ജമായി. പോളിംഗ് സ്റ്റേഷനുകളിൽ വോട്ടർമാർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. ചൂടിനെ നേരിടാനുള്ള സജ്ജീകരണങ്ങൾ ബൂത്തുകളിൽ ഉറപ്പാക്കണമെന്നും പ്രത്യേക നിർദ്ദേശമുണ്ട്. ക്രമസമാധാനം കർശനമായി ഉറപ്പാക്കണമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു.

*************************************************************

## PM- KERALA (INTRO)

ഈ ലോക് സഭാ തിരഞ്ഞെടുപ്പ് രാജ്യത്തിന്റെ മാത്രമല്ല, നാം ഓരോരുത്തരുടെയും ഭാവി നിർണ്ണയിക്കുന്നതാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. തൃശൂർ കുന്നംകുളത്ത് എൻഡിഎ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

പുതുവർഷം കേരളത്തിന് വികസനത്തിൻ്റെ വർഷമായിരിക്കുമെന്നും, കേരള രാഷ്ട്രീയത്തിൽ വളരെ വലിയ മാറ്റം കാണാനാകുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു . ജനങ്ങൾ ഇനി എൽഡിഎഫിനെയും യുഡിഎഫിനെയും പിന്തുണയ്ക്കില്ലെന്നും ശ്രീ മോദി പറഞ്ഞു.

കേരളത്തിൽ 73 ലക്ഷം പേർക്കാണ് ഇതുവരെ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ഗുണഫലങ്ങൾ ലഭ്യമായത്. 70 വയസ്സ് പൂർത്തിയായവർക്ക് ആയുഷ്മാൻ ഭാരത് പദ്ധതി വഴി ചികത്സ ലഭ്യമാക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ബിജെപിയുടെ പ്രകടന പത്രിക രാജ്യ വികസനം ലക്ഷ്യമിട്ടുള്ളതാണ്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൻറെ പാരമ്പര്യത്തെ അന്തർദേശീയവത്കരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

**************************************************************

## PM-KERALA 2

മലയാളത്തിലാണ് പ്രധാനമന്ത്രി പ്രസംഗം ആരംഭിച്ചത്. വിവിധ മണ്ഡലങ്ങളിലെ എൻ ഡി എ സ്ഥാനാർഥികൾ പ്രധാനമന്ത്രിയുടെ പ്രചാരണ പരിപാടിയിൽ പങ്കെടുത്തു. ഇന്നലെ വൈകിട്ട് കൊച്ചിയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ 11.20 ഓടെയാണ് ആലത്തൂർ ലോക് സഭ മണ്ഡലത്തിൻറെ ഭാഗമായ കുന്നംകുളത്ത് പ്രചാരണത്തിനെത്തിയത്. ഇന്ന് ഉച്ചയ്ക്ക് ശേഷം തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മണ്ഡലം എൻ ഡി എ സ്ഥാനാർഥി വി മുരളീധരന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി കാട്ടാക്കട ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന പൊതുയോഗത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

**************************************************************

## RAHUL GANDI -WAYANAD

വയനാട് ലോക്സഭ മണ്ഡലം യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ ഗാന്ധിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് വയനാട്ടിൽ

തുടക്കമായി. രാവിലെ തമിഴ്നാട്ടിലെ നീലഗിരിയിൽ എത്തിയ രാഹുൽ ഗാന്ധി കോളേജ് വിദ്യാർത്ഥികളുമായി സംവദിച്ചു. തുടർന്ന് ബത്തേരിയിൽ നടന്ന റോഡ്ഷോയിലും രാഹുൽ ഗാന്ധി പങ്കെടുത്തു. പരസ്പര ബഹുമാനമാണ് രാഷ്ട്രീയത്തിന്റെ അടിസ്ഥാനമെന്ന് രാഹുൽ ഗാന്ധി റോഡിഷോയിൽ പറഞ്ഞു .

(ഹോൾഡ്)

കേന്ദ്രത്തിലും കേരളത്തിലും കോൺഗ്രസിന് അധികാരമില്ലാത്തതിനാലാണ് വയനാട് അവഗണന നേരിടുന്നതെന്ന് ശ്രീ രാഹുൽഗാന്ധി പറഞ്ഞു. വന്യമൃഗശല്യം ഒരു പ്രധാന വിഷയമാണ്. അത് പരിഹരിക്കാൻ അത്ര എളുപ്പമല്ല. എന്നാൽ വയനാട്ടിലെ മെഡിക്കൽകോളേജിന്റെ കാര്യം പരിഹരിക്കാൻ എളുപ്പമാണ്. അക്കാര്യത്തിൽ പരിഹാരമുണ്ടാക്കാൻ സംസ്ഥാന സർക്കാർ ശ്രമിക്കുന്നില്ലെന്നും രാഹുൽഗാന്ധി ആരോപിച്ചു.

വൈകിട്ട് കോഴിക്കോട് കടപ്പുറത്ത് നടക്കുന്ന യു.ഡി.എഫ് റാലിയിലും പൊതുസമ്മേളനത്തിലും രാഹുൽഗാന്ധി പങ്കെടുക്കും.

*************************************************************

## JAISANKAR

ഇറാൻ പിടിച്ചെടുത്ത ഇസ്രയേലി ചരക്കു കപ്പലിലകപ്പെട്ട 17 ഇന്ത്യക്കാരുള്ള മോചനം സംബന്ധിച്ച് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ വിദേശകാര്യ മന്ത്രി ഇസ്രായേൽ ക്യാറ്റ്സുമായി ടെലിഫോണിൽ ആശയവിനിമയം നടത്തി. കഴിഞ്ഞ ദിവസം നടന്ന സംഭവവികാസങ്ങളിൽ ഇന്ത്യ ആശങ്ക അറിയിച്ചതായി ശ്രീ എസ് ജയ് ശങ്കർ സമൂഹമാധ്യമത്തിലൂടെ അറിയിച്ചു. ഇറാൻ വിദേശകാര്യ

മന്ത്രി ഹുസൈൻ അമീർ-അബ്ദുള്ളാഹിയാനുമായും അദ്ദേഹം മേഖലയിലെ സാഹചര്യവും ചർച്ച ചെയ്തു.ഇരു രാജ്യങ്ങളും സഹകരിച്ചു പ്രവർത്തിക്കാമെന്നു സമ്മതിച്ചു . ചരക്കു കപ്പലിൽ കോഴിക്കോട് സ്വദേശി ശ്യാംനാഥ്, മാനന്തവാടി സ്വദേശി
പി വി ധനേഷ്, പാലക്കാട് സ്വദേശി സുമേഷ്
എന്നിവർ അകപ്പെട്ടിട്ടുണ്ട്. ഇവർ സുരക്ഷിതരാണെന്ന് വീട്ടുകാർക്ക് വിവരം ലഭിച്ചു.

*************************************************************

## NAGPUR-VICE PRESIDENT-NADT

നാഗ്പൂരിലെ നാഷണൽ അക്കാദമി ഓഫ് ഡയറക്ട് ടാക്സിൽ 76-ാമത് ബാച്ച് ഇന്ത്യൻ റവന്യൂ സർവീസ് ഉദ്യോഗസ്ഥരുടെ പരിശീലന സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പങ്കെടുക്കും .ബാച്ചിൽ 56 ഐആർഎസ് ഉദ്യോഗസ്ഥരും റോയൽ ഭൂട്ടാൻ സർവീസിലെ 2 ഉദ്യോഗസ്ഥരും ഉൾപ്പെടുന്നു.

*************************************************************

## MANIPUR CAMPAIGNING

മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷാ ഇന്ന് മണിപ്പൂരിലെത്തും. ഇംഫാലിൽ
അദ്ദേഹം പ്രചാരനാർദ്ധം
പൊതുയോഗത്തെ അഭിസംബോധന ചെയ്യും . മണിപ്പൂർ മുഖ്യമന്ത്രി എൻ. ബിരേൻ സിംഗ്, ബിജെപി മണിപ്പൂർ സംസ്ഥാന അധ്യക്ഷൻ, പാർട്ടിയുടെ മറ്റ് നേതാക്കൾ എന്നിവർ യോഗത്തിൽ പങ്കെടുക്കും..മണിപ്പൂരിലെ ഇന്നർ

മണിപ്പൂർ പാർലമെൻ്റ് മണ്ഡലത്തിലെ കോൺഗ്രസ് സ്ഥാനാർത്ഥിയ്ക്ക് വേണ്ടി കോൺഗ്രസ് മുതിർന്ന നേതാക്കളും പ്രചാരണം നടത്തുന്നുണ്ട്.

***************************************************************

## RETIRED JUDGES - CJI

രാജ്യത്തെ ജുഡീഷ്യറിയെ തകർക്കാൻ ചില വിഭാഗങ്ങൾ ശ്രമം നടത്തുന്നതായി കാണിച്ച് സുപ്രീം കോടതിയിലേയും ഹൈക്കോടതികളിലേയും വിരമിച്ച ഇരുപത്തിയൊന്ന് ജഡ്ജിമാർ ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡിന് കത്തയച്ചു.സമ്മർദം, തെറ്റായ വിവരങ്ങൾ, പൊതു അവഹേളനം എന്നിവയിലൂടെ നീതിന്യായ വ്യവസ്ഥയിലുള്ള പൊതുജനങ്ങളുടെ വിശ്വാസം തകർക്കാൻ ശ്രമിക്കുന്നതായി കത്തിൽ പരാമർശിക്കുന്നു.

***************************************************************

## ARMY CHIEF - UZBEKISTAN

നാല് ദിവസത്തെ സന്ദർശനത്തിനായി കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെ ഇന്ന് ഉസ്ബെക്കിസ്ഥാനിൽ . ഇരു രാജ്യങ്ങളും തമ്മിലുള്ള പരസ്പര ധാരണയും ഉഭയകക്ഷി പ്രതിരോധ സഹകരണവും ശക്തിപ്പെടുത്തുകയാണ് സന്ദർശനത്തിൻറെ ലക്ഷ്യമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

***************************************************************

## IMF-WB MEET

അന്താരാഷ്ട്ര നാണയ നിധിയുടെയും ലോക ബാങ്കിൻ്റെയും സ്പ്രിങ് സെഷനുകൾ ബുധനാഴ്ച വാഷിംഗ്ടണിൽ ആരംഭിക്കും. കാലാവസ്ഥാ വ്യതിയാനത്തെ

ചെറുക്കുക , കടക്കെണിയിലായ രാജ്യങ്ങളെ സഹായിക്കുക എന്നിവയാണ് ഇത്തവണത്തെ യോഗത്തിന്റെ പ്രധാന അജണ്ട. ഐഎംഎഫ് പ്രസിദ്ധീകരണമായ വേൾഡ് ഇക്കണോമിക് ഔട്ട്ലുക്കിൻറെ പുതുക്കിയ പതിപ്പ് യോഗത്തിൽ പുറത്തിറക്കും.

**************************************************************

## HOME-VOTE

കേരളത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ 85 വയസ് പിന്നിട്ട മുതിർന്ന വോട്ടർമാർക്കും ഭിന്നശേഷി വിഭാഗത്തിൽ പ്പെട്ടവർക്കും വീട്ടിലെത്തി വോട്ട് രേഖപ്പെടുത്തുന്ന നടപടിക്ക് ഇന്ന് തുടക്കം. അസന്നിഹിത വോട്ടർ വിഭാഗത്തിൽപ്പെടുത്തിയാണ് ഇവർക്ക് വീട്ടിൽ തന്നെ വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം തെരഞ്ഞെടുപ്പു കമ്മിഷൻ ഒരുക്കിയിരിക്കുന്നത്.

**************************************************************

## CM-THRISSUR

മുഖ്യമന്ത്രി പിണറായി വിജയന്റെ തെരഞ്ഞെടുപ്പ് പ്രചാരണം ഇന്ന് തൃശൂരിൽ നടക്കും. ഉച്ചയ്ക്ക് മൂന്ന് മണിക്ക് ഇരിങ്ങാലക്കുടയിലാണ് ആദ്യ പരിപാടി, പിന്നാലെ തൃശൂരിലും ചാവക്കാടും നടക്കുന്ന പരിപാടികളിൽ മുഖ്യമന്ത്രി പങ്കെടുക്കും. ഇടതു മുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ദേശീയ നേതാക്കൾ ഇന്നു മുതൽ കേരളത്തിൽ എത്തും.സി.പി.ഐ.എം പോളിറ്റ് ബ്യൂറോ അംഗം വൃന്ദ കാരാട്ട് കണ്ണൂരിലെ പ്രചരണ പരിപാടികളിൽ പങ്കെടുക്കുയാണ്.

**************************************************************

## AFGHAN-FLOOD

അഫ്ഗാനിസ്ഥാനിൽ മൂന്ന് ദിവസമായി തുടരുന്ന കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും 33 മരണം. 27 ഓളം പേർക്ക് പരിക്കേറ്റു . ഏകദേശം 600 കിലോമീറ്റർ റോഡ് തകരുകയും നിരവധി വീടുകൾക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്തു. 2,000 ഏക്കർ കൃഷിയിടങ്ങൾ വെള്ളത്തിനടിയിലായി.അഫ്ഗാനിസ്ഥാനിലെ 34 പ്രവിശ്യകളിൽ 20 എണ്ണം കനത്ത മഴയിൽ വെള്ളത്തിനടിയിലായി.

*************************************************************

## INDONESIA

ഇന്തോനേഷ്യയിലുണ്ടായ മണ്ണിടിച്ചിലിൽ 15 ലധികം പേർ മരിച്ചതായി റിപ്പോർട്ട്. രണ്ട് പേരെ കാണാതായി. സുലുവേസി പ്രവിശ്യയിലെ റ്റന റ്റൊരാജ ജില്ലയിലാണ് മണ്ണിടിച്ചിൽ ഉണ്ടായത്. സൈനികരും പോലീസുകാരും ഉൾപ്പെടെ നിരവധിപ്പേർ രക്ഷാപ്രവർത്തനത്തിനായി രംഗത്തുണ്ട്.മേഖലയിൽ കഴിഞ്ഞ ഒരാഴ്ചയായി കനത്ത മഴയാണ് അനുഭവപ്പെടുന്നത്.

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും സൺറേസേഴ്സ് ഹൈദരാബാദും തമ്മിൽ ഏറ്റുമുട്ടും. രാത്രി 7.30 ന് ബംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

*************************************************************

## ASIAN WRESTLING CHAMPIONSHIP

കിർഗിസ്ഥാനിൽ നടക്കുന്ന സീനിയർ ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്ക് ഇന്ന് രണ്ടു വെള്ളിയും രണ്ടു വെങ്കലവും. 72 കിലോ വിഭാഗത്തിൽ ഹർഷിത , 53 കിലോയിൽ അഞ്ജു പംഘാൽ എന്നിവർ വെള്ളി നേടി. 65 കിലോ വിഭാഗത്തിൽ അന്തിം പംഘാലും 62 കിലോയിൽ മനീഷ ഭൻവാലയും വെങ്കലം നേടി .

*****************************************************************

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ATK മോഹൻ ബഗാൻ മുംബൈ സിറ്റിയെ നേരിടും. രാത്രി 7.30 ന് കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം.

*****************************************************************

## OLYMPIC QUOTA- SHOOTING

ISSF ഒളിമ്പിക് യോഗ്യതാ ചാമ്പ്യൻഷിപ്പിൽ 10 മീറ്റർ എയർ പിസ്റ്റൾ ഇനത്തിൽ ഇന്ത്യയുടെ പാലക് ഗുലിയ വെങ്കലം സ്വന്തമാക്കി പാരീസ് ഒളിമ്പിക്സിൽ ഇടം നേടി.
അതേസമയം സൈൻ
യാം സുരുചി അഞ്ചാമതെത്തിയെങ്കിലും ഒളിംപിക്സിൽ പ്രവേശിക്കാനായില്ല.

*****************************************************************

## KEJRIWAL – SC

മദ്യനയക്കേസുമായി ബന്ധപ്പെട്ട ഇ.ഡിയുടെ അറസ്റ്റിനെ ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ സമർപ്പിച്ച ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിച്ചേക്കും. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദിപാങ്കർ ഗുപ്ത എന്നിവരടങ്ങിയ രണ്ടംഗ ബെഞ്ചായിരിക്കും ഹർജി പരിഗണിക്കുക.

## DELHI COURT– KAVITHA CUSTODY

ഡൽഹി മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട് ബിആർഎസ് നേതാവ് കെ കവിതയെ ഡൽഹി റൂസ് അവന്യൂ കോടതി ഈ മാസം 23 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. മൂന്ന് ദിവസത്തെ പോലീസ് കസ്റ്റഡി കാലാവധി ഇന്ന് അവസാനിച്ച സാഹചര്യത്തിലാണ് സിബിഐ കോടതിയിൽ ഹാജരാക്കിയത്.

*************************************************************

## US-WEST ASIA

പശ്ചിമേഷ്യയിലെ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ യു എസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിൻ സൗദി, ഇസ്രായേൽ പ്രതിരോധ സെക്രട്ടറി മാരുമായി ഫോണിൽ ബന്ധപ്പെട്ടു. യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആൻ്റണി ബ്ലിങ്കെൻ, ജോർദാൻ, സൗദി അറേബ്യ, തുർക്കി, ഈജിപ്റ്റ് എന്നീ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായും ചർച്ച നടത്തി.യുഎസ് പ്രസിഡൻ്റ് ജോ ബൈഡൻ ജി-7 നേതാക്കളുമായും, ജോർദാൻ

രാജാവ് , ഇസ്രായേൽ പ്രധാനമന്ത്രി എന്നിവരുമായി ടെലിഫോൺ സംഭാഷണം നടത്തി .ഇറാനെതിരെയുള്ള ഒരു നടപടിയിലും പങ്കെടുക്കില്ലെന്ന് ജോ ബൈഡൻ അറിയിച്ചു .

**************************************************************

## US-WEST ASIA

അന്താരാഷ്ട്ര നാണയ നിധിയുടെയും ലോക ബാങ്കിൻ്റെയും സ്പ്രിങ് സെഷനുകൾ ബുധനാഴ്ച വാഷിംഗ്ടണിൽ ആരംഭിക്കും. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുക , കടക്കെണിയിലായ രാജ്യങ്ങളെ സഹായിക്കുക എന്നിവയാണ് ഇത്തവണത്തെ യോഗത്തിന്റെ പ്രധാന അജണ്ട. ഐഎംഎഫ് പ്രസിദ്ധീകരണമായ വേൾഡ് ഇക്കണോമിക് ഔട്ട്‌ലുക്കിൻ്റെ പുതുക്കിയ പതിപ്പ് യോഗത്തിൽ പുറത്തിറക്കും.ഇരു സംഘടനകളുടെയും 80-ാം വാർഷികത്തിലെ യോഗമാണ് ഇത്തവണത്തേത് . വിവിധ രാജ്യങ്ങളിലെ കേന്ദ്ര ബാങ്ക് ഗവർണ്ണർമാർ ,ധനകാര്യ മന്ത്രിമാർ,അക്കാദമിക് വിദഗ്ധർ ,സ്വകാര്യ മേഖലയിലെയും സിവിൽ സൊസൈറ്റികളിലേയും പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**************************************************************

*********************************

***************